കണ്ണൂർ സർവ്വകലാശാല
KANNUR UNIVERSITY
Accredited By NAAC with 'B++' Grade
Website : www.kannuruniversity.ac.in

NSS/A2/140/2024 12.06.2024

**അറിയിപ്പ്**

**കണ്ണൂർ സർവ്വകലാശാലാതല എൻ.എസ് .എസ്. അവാർഡ് വിജ്ഞാപനം 2023 -24**

കണ്ണൂർ സർവ്വകലാശാലാ നാഷണൽ സർവ്വീസ് സ്കീം 2023 - 24 വർഷത്തെ സർവ്വകലാശാലാതല അവാർഡിനായുള്ള അപേക്ഷകൾ **2024 ജൂലൈ 31 വരെ** സർവകലാശാല എൻ.എസ്.എസ് വിഭാഗത്തിൽ സ്വീകരിക്കുന്നതാണ്. സർവ്വകലാശാലാ അവാർഡ് ലഭിക്കുന്ന എൻട്രികൾ സംസ്ഥാന അവാർഡിനും, തുടർന്ന് ദേശീയ അവാർഡിനും പരിഗണിക്കുന്നതാകയാൽ, ബന്ധപ്പെട്ട മാർഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. എൻ. എസ്.എസ്. യൂണിറ്റ് & പ്രോഗ്രാം ഓഫീസർ, വോളന്റീയർമാർ (ആൺ,പെൺ) എന്നീ വിഭാഗങ്ങളിൽ പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

Dr. Nafeesa Baby T P
NSS PROGRAMME COORDINATOR

**To**

1) PRO (പ്രസിദ്ധീകരണത്തിന്)
2) വെബ് മാനേജർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

KANNUR UNIVERSITY
CIVIL STATION P.O.
KANNUR
Pin-670 002
THAVAKKARA

# കണ്ണൂർ സർവകലാശാല

## എൻ.എസ്.എസ് അവാർഡ് 2023-24

## നിർദ്ദേശങ്ങൾ

1. പ്രഫോർമ പൂർണ്ണമായും പൂരിപ്പിക്കേണ്ടതും ആയതിന് ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

2. തലക്കെട്ടുകൾ, കുറിപ്പുകൾ തുടങ്ങിയവ പരമാവധി ഇംഗ്ലീഷിൽ എഴുതുക.

3. വിഷയാധിഷ്ഠിതമായി പേജുകൾ ക്രമീകരിക്കുകയും കൃത്യമായി ഇൻഡക്സ് എഴുതുകയും ചെയ്യുക.

4. അവാർഡിന് പരിഗണിക്കേണ്ടതും നിർബന്ധമായിട്ടുള്ളതുമായ കാര്യങ്ങൾ ഇൻഡക്സിൽ പേജ് നമ്പറിട്ട് രേഖപ്പെടുത്തുക.

5. അവാർഡ് എൻട്രികൾ 100 പേജിൽ കൂടാൻ പാടില്ല.

6. പ്രഫോർമ ഉൾപ്പെടെയുള്ള എല്ലാ പേജിലും നമ്പർ നൽകേണ്ടതാണ്

7. ഒന്നിലധികം യൂണിറ്റുകളുള്ള കോളേജിൽ നിന്നും വരുന്ന അപേക്ഷയിൽ അതത് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ മാത്രമേ ഉൾപ്പെടുത്താവൂ.

8. 2024 മാർച്ച് 31 ന് ശേഷമുള്ള കാര്യങ്ങൾ ഉൾപ്പെടുത്താൻ പാടില്ല.

9. യൂണിവേഴ്സിറ്റി/ഡയറക്ട്രേറ്റ്, എൻ.എസ്.എസ് യൂണിറ്റ്/പ്രോഗ്രാം ഓഫീസർ, വോളന്റിയേഴ്സ് എന്നീ തലത്തിലുള്ള എൻട്രികൾ തയ്യാറാക്കുമ്പോൾ Eligibility Conditions കർശനമായും പാലിക്കേണ്ടതാണ്.

10. അവാർഡ് എൻട്രികൾ തയ്യാറാക്കുമ്പോൾ ആയതിന്റെ ഡിജിറ്റൽ പതിപ്പ് കൂടി തയ്യാറാക്കേണ്ടതാണ്.

11. അവാർഡ് എൻട്രികളുടെ ഒരു കോപ്പിമാത്രം യൂണിവേഴ്സിറ്റിയിൽ സമർപ്പിക്കേണ്ടതാണ്. യൂണിവേഴ്സിറ്റി തല അവാർഡ് കരസ്ഥമാക്കുന്നവർ പിന്നീട് കൂടുതൽ കോപ്പികൾ നൽകേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ള നോമിനേഷനുകൾ മാത്രമേ അവാർഡിനായി പരിഗണിക്കുകയുള്ളൂ എന്നും അപൂർണ്ണമായവ ആദ്യ പരിശോധനയിൽ തന്നെ ഒഴിവാക്കുന്നതാണെന്നും അറിയിക്കുന്നു.

KANNUR UNIVERSITY
CIVIL STATION P.O.
KANNUR
Pin-670 002
THAVAKKARA

**N.S.S. Programme Coordinator**
**Kannur University**